**കേരള സർക്കാർ**

നം.39932/ഡി.എ1/2008/തസ്വഭവ

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

തിരുവനന്തപുരം, തീയതി: 13.06.2009

**സർക്കുലർ**

വിഷയം:– തദ്ദേശ ഭരണ സ്ഥാപനങ്ങൾ മത്സ്യബന്ധന/മത്സ്യക്കൃഷി മേഖലയിൽ നടപ്പാക്കുന്ന പ്രോജക്ടുകൾക്ക് മത്സ്യഫെഡിന്റെ സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ – സംബന്ധിച്ച്

സൂചന:– 1. 18.05.2007–ലെ സ.ഉ.(എം.എസ്) 133/07/തസ്വഭവ നമ്പർ ഉത്തരവ്.
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ സമിതിയുടെ 06.12.2008–ലെ യോഗ തീരുമാനം [ഇനം 6.1 (i)]

മത്സ്യബന്ധന/മത്സ്യക്കൃഷി മേഖലയിൽ സാങ്കേതിക സഹായം ലഭ്യമാക്കുന്നതിന് ആവശ്യമായ മത്സ്യവിഭവശേഷി, അടിസ്ഥാനസൗകര്യങ്ങൾ, സാങ്കേതിക വൈഭവം എന്നിവ മത്സ്യഫെഡിന് ഉള്ളതിനാൽ മത്സ്യഫെഡിന്റെ സാങ്കേതിക സഹായം ഈ മേഖലകളിൽ പ്രയോജനപ്പെടുത്തുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾക്ക് സഹായകരമായിരിക്കുമെന്ന് സർക്കാർ കരുതുന്നു. ഇപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ മത്സ്യബന്ധന/മത്സ്യകൃഷി മേഖലയിൽ നടപ്പാക്കുന്ന പ്രോജക്കുകൾക്ക് മത്സ്യഫെഡിന്റെ സാങ്കേതിക സഹായം ലഭ്യമാക്കുന്നതിന് സർക്കാർ ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

2. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മത്സ്യഫെഡിന്റെ സാങ്കേതിക സഹായം ചുവടെ പ്രതിപാദിക്കുന്ന മേഖലകളിൽ പ്രയോജനപ്പെടുത്താവുന്നതാണ്.

**(എ) *സാങ്കേ തിക ഉപ ദേശം***

മത്സ്യഫെഡ്, ചുവടെ വിവരിക്കുന്ന മേഖലകളിലെ പ്രോജക്ടുകൾ നടപ്പാക്കുന്നതിന് അവശ്യമായ സാങ്കേതിക ഉപദേശം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രതിഫലം കൂടാത നൽകേണ്ടതാണ്.

(1) മത്സ്യക്കൃഷിക്കാവശ്യമായ സ്ഥലം തെരഞ്ഞെടുക്കൽ, തെരഞ്ഞെടുത്ത സ്ഥലം മത്സ്യം വളർത്തുന്നതിന് അനുയോജ്യമായ രീതിയിൽ പാടം (ഫാം) രൂപകൽപന ചെയ്യൽ, നിർമ്മാണപ്രവർത്തനങ്ങൾ നടപ്പാക്കൽ മുതലായവ

(2) ഫാം/കുളം ഒരുക്കൽ

(3) ചിൽറൂമുകൾ, കോൾഡ് സ്റ്റോറേജ്, ഐസ് പ്ലാന്റ് എന്നിവയുടെ നിർമ്മാണം

(4) മത്സ്യവിപണന ശൃംഖല രൂപീകരിക്കൽ

(5) അക്വേറിയം/അക്വാ പാർക്ക് എന്നിവയുടെ രൂപകൽപനയും നിർമ്മാണവും

(6) മത്സ്യം, ചെമ്മീൻ, ഞണ്ട് എന്നിവയുടെ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഉത്പാദനം, ഉത്പാദനകേന്ദ്രങ്ങളുടെ നിർമ്മാണം, പരിശീലനം, സ്വയംതൊഴിൽ സംരംഭങ്ങളുടെ രൂപീകരണം മുതലായവ.

(7) തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ജല സ്രോതസ്സുകളിൽ/ റിസർവോയറുകളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പരിപാടിയുടെ നടത്തിപ്പ്.

മുകളിൽ സൂചിപ്പിച്ച മേഖലകളിലെ പ്രോജക്ടുകൾ ഉൾപ്പെടെ മത്സ്യബന്ധന/ മത്സ്യകൃഷി മേഖലയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്ന പ്രോജക്ടുകളും അവയുടെ വിശദമായ എസ്റ്റിമേറ്റും മത്സ്യഫെഡ് പ്രതിഫലം കൂടാതെ തയ്യാറാക്കി നൽകുന്നതാണ്.

***(ബി) മത്സ്യബ ന്ധനത്തിന്/ജലകൃഷിക്ക് ആവശ്യമായ ഉത്പന്ന ങ്ങ ളും ആസ്തി ക ളും വാങ്ങൽ***

(1) പ്രാദേശിക മത്സ്യബന്ധനരീതിക്ക് അനുസൃതമായ വള്ളം, വല, ഔട്ട്ബോർഡ് എഞ്ചിൻ എന്നിവ

(2) മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ

(3) തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന മത്സ്യ/ജലകൃഷിക്ക് ആവശ്യമായ മത്സ്യകുഞ്ഞുങ്ങൾ

(4) മത്സ്യവളം (ജൈവ വളം)

മത്സ്യഫെഡ് നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ടെണ്ടർ കൂടാതെ ഇവ വാങ്ങാവുന്നതാണ്.

***(സി) സേവ ന ങ്ങൾ ലഭ്യ മാ ക്ക□***

(1) അലങ്കാര മത്സ്യത്തിന്റെ വിപണനത്തിന് കയറ്റുമതി ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ – മത്സ്യഫെഡിൽ ലഭ്യമായിട്ടുള്ള പശ്ചാത്തല സൗകര്യങ്ങൾ ഉപയോഗപ്പെടു ത്താവുന്നതാണ്.

(2) വിത്തുശേഖരണം, വിതരണം, നിക്ഷേപിക്കൽ, വെള്ളത്തിന്റെ ഗുണ നിലവാരം പരിശോധിക്കൽ, നിയന്ത്രണം മുതലായവ

(3) ചിപ്പി, ഞണ്ട്, കടൽമുരിങ്ങ എന്നിവ കൃഷി ചെയ്യുക.

(4) തീറ്റ സംരക്ഷണം, വിതരണം, രോഗനിർണ്ണയം, നിരീക്ഷിക്കൽ, പ്രതിവിധി നിർണ്ണയിക്കൽ, മരുന്നുനൽകൽ, ഗുണനിലവാരം ഉറപ്പാക്കൽ, വിളവെടുപ്പ്, വിപണന സൗകര്യങ്ങൾ മുതലായവ

(5) സ്വയം തൊഴിൽ സംരംഭകർക്ക് വായ്പ ലഭ്യമാക്കൽ

(6) പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിന് പ്രവർത്തനം സജ്ജമാക്കൽ.

(7) പരമ്പരാഗത മത്സ്യബന്ധന ഗ്രൂപ്പുകൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രത്യേക പ്രോജക്ട് ആവിഷ്ക്കരിക്കലും നടപ്പാക്കലും

മുകളിൽ സൂചിപ്പിച്ച സേവനങ്ങൾക്ക് യഥാർത്ഥ ചെലവ് (actual cost) അനുവദിക്കാവു ന്നതാണ്. പ്രസ്തുത ചെലവുകൾ തദ്ദേശഭരണ സ്ഥാപനം നടപ്പാക്കുന്ന പ്രോജക്ടിന്റെ ഭാഗമായിരിക്കണം.

***(ഡി) നിർ മ്മാണം പൂർത്തി യാ ക്കി യ തിനുശേഷം തുടർ പ്രവർത്ത ന ത്തി നായി ഏ□പ്പി ക്കാ വുന്ന വ (Turnkey Projects)***

(1) അക്വേറിയം/അക്വാ പാർക്ക്
(2) ഫാമുകൾ, കുളങ്ങൾ
(3) ഹാച്ചറി
(4) ചിൽറും/കോൾഡ് സ്റ്റോറേജ്/ഐസ് പ്ലാന്റ്
(5) മത്സ്യ മാർക്കറ്റ്/വിപണന കേന്ദ്രം
(6) കോമൺ ഫെസിലിറ്റി സെന്റർ

അക്രഡിറ്റഡ് ഏജൻസികൾ മുഖേന മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നതിന് പരാമർശം ഒന്ന് പ്രകാരം നിശ്ചയിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾ ഈ രീതിയിൽ പ്രോജക്ടുകൾ നടപ്പാക്കുന്നതിനും ബാധകമായിരിക്കും. തുടർനടത്തിപ്പിനുള്ള സംവിധാനം പ്രോജക്ട് റിപ്പോർട്ടിൽ വ്യക്തമാക്കണം.

***(ഇ) സാങ്കേതിക പരി ശീ ലനം/സംര ഭ കത്വ പരി ശീ ലനം***

(1) അലങ്കാര മത്സ്യം ഉത്പാദനം, വിപണനം
(2) മത്സ്യകൃഷി
(3) മൂല്യവർദ്ധിത ഉത്പന്നങ്ങൾ
(4) ഔട്ട് ബോർഡ് മോട്ടോർ റിപ്പയറിംഗ്
(5) സീഫുഡ് കിച്ചൺ
(6) ലാന്റിംഗ് സെന്ററുകൾ ശുചിയായി സൂക്ഷിക്കുന്നതിനുള്ള പരിശീലനം

പരിശീലനങ്ങൾക്ക് യഥാർത്ഥ ചെലവ് അനുവദിക്കാവുന്നതാണ്.

3. മുകളിൽ പ്രതിപാദിച്ചിട്ടുള്ള മേഖലകളിൽ മത്സ്യഫെഡിന്റെ സാങ്കേതിക സഹായം/സേവനം ലഭ്യമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ ചുവടെ വിവരിക്കുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

സാങ്കേതിക സഹായം ആവശ്യമുള്ള മേഖല/പ്രോജക്ട് കണ്ടെത്തുക

നിർവഹണത്തിന് ആവശ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകുന്നതിന് മത്സ്യഫെഡ് പ്രോജക്ട് ഓഫീസർ/ജില്ലാ മാനേജരോട് ആവശ്യപ്പെടുക.

പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ചതിനുശേഷം വാർഷിക പദ്ധതി ആസൂത്രണത്തിന് നിശ്ചയിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾ പാലിച്ച് അത് വാർഷിക പദ്ധതിയുടെ ഭാഗമാക്കുക.

വികേന്ദ്രീകൃതാസൂത്രണ പദ്ധതിയുടെ മാർഗനിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളതെന്നും സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരം അനുവദനീയമായ ഇനങ്ങൾക്കും നിരക്കിലും മാത്രമേ സബ്സിഡി വകയിരുത്തിയിട്ടുള്ളൂവെന്നും ഉറപ്പാക്കുക.

പ്രോജക്ട് ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് മുഖേന ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിച്ച് അംഗീകാരം നേടുക.

***4 മത്സ്യഫെഡിന്റെ ചുമതലകൾ***

തദ്ദേശഭരണ സ്ഥാപനം നിർദ്ദേശിക്കുന്ന പ്രവൃത്തികൾ/സേവനങ്ങൾ നിറവേറ്റത്തക്ക വിധം വിശദമായ പ്രോജക്ട് റിപ്പോർട്ട്/എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുക.

പ്രോജക്ട് വിഭാവനം ചെയ്യുന്ന ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ സഹായം ലഭ്യമാക്കുക.

വ്യക്തിഗത ഗുണഭോക്താക്കൾക്കും തദ്ദേശ ഭരണസ്ഥാപനം നിർദ്ദേശിക്കുന്ന ഇതര വ്യക്തികൾക്കും പരിശീലനം നൽകുക.

മത്സ്യമേഖലയിലെ സ്വയംതൊഴിൽ സംരംഭകർക്ക് പിൻതുണാ സംവിധാനമായി പ്രവർത്തിക്കുക.

**5 മറ്റ് നിർദ്ദേശങ്ങൾ**

വ്യക്തിഗത പ്രോജക്ടുകളിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള ചുമതല തദ്ദേശഭരണ സ്ഥാപനത്തിനായിരിക്കും. ഗുണഭോക്തൃ തെരഞ്ഞെടുപ്പിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചായിരിക്കണം ഗുണഭോക്താവിനെ കണ്ടെത്തേണ്ടത്.

മത്സ്യഫെഡിനെ ചുമതലപ്പെടുത്തുന്ന പ്രോജക്ടുകളുടെ നിർവഹണം സമയ ബന്ധിതമായി പൂർത്തിയാക്കണം. ഏതെങ്കിലും കാരണവശാൽ പദ്ധതി നിർവഹണം നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാകുന്നില്ലെങ്കിൽ നിയമാനുസരണമുള്ള നഷ്ടപരിഹാരം ഈടാക്കുവാൻ തദ്ദേശ ഭരണ സ്ഥാപനത്തിന് അധികാരമുണ്ടായിരിക്കും. ഇതിനുള്ള വ്യവസ്ഥകൾ മത്സ്യഫെഡുമായി ഏർപ്പെടുന്ന കരാർ ഉടമ്പടിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

**എസ്.എം. വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

1 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

3 എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
6 അഡീഷണൽ ചീഫ് സെക്രട്ടറി, ഫിഷറീസ് വകുപ്പ്
7 എല്ലാ ജില്ലാ ആസൂത്രണസമിതി ചെയർപേഴ്സൻമാർക്കും
8 സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യവകുപ്പ്
9 പ്രിൻസിപ്പൽ സെക്രട്ടറി, ഊർജ്ജ വകുപ്പ്
10 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
11 പഞ്ചായത്ത് ഡയറക്ടർ
12 ചെയർമാൻ, കേരള സംസ്ഥാന വൈദ്യുതി ബോർഡ്
13 ഗ്രാമവികസന കമ്മീഷണർ
14 നഗരകാര്യ ഡയറക്ടർ
15 മുഖ്യ നഗരാസൂത്രകൻ
16 ഡയറക്ടർ, ഫീഷറീസ് വകുപ്പ്
17 ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
18 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
19 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ
20 മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ്
21 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
22 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
23 എല്ലാ ജില്ലാ ആസൂത്രണസമിതി മെമ്പർസെക്രട്ടറി (ജില്ലാ കളക്ടർമാർ) മാർക്കും
24 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
25 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
26 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർക്കും
27 നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്ക്
28 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
29 സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ
30 ജനറൽ സെക്രട്ടറി, കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ
31 സെക്രട്ടറി കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
32 സെക്രട്ടറി മുൻസിപ്പൽ ചെയർമാൻമാരുടെ ചേംബർ
33 സെക്രട്ടറി ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ
34 പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
35 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ഫീഷറീസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
4. തദ്ദേശസ്വയംഭരണ ഡി.ബി/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്
5. ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ